


# ലിറ്റിൽ കൈറ്റ്സ്
# മാഗസിൻ

# ആമുഖം

കൗമാര സങ്കല്പങ്ങൾസാഹിത്യ ലോകത്തിലേക്ക് മാറ്റി എഴുതപ്പെട്ടതാണ് ഈ മാഗസിനി ലെ ഓരോ രചനക ളും. വിദ്യാലയ ജീവിതത്തിൽ സാഹിത്യ സൃഷ്ടികൾ ആരംഭിച്ചവരാണ് ലോകമാകെ അറിയപ്പെട്ട പല സാഹിത്യകാരന്മാരും. അത് കൊണ്ടു തന്നെ വിദ്യാർത്ഥികളുടെ സർഗവാസനകളെ കണ്ടെത്തുകയും തേച്ച് മിനുക്കുകയും ചെയ്യേണ്ടത് വിദ്യാലയങ്ങളുടെയും, അവിടെയുള്ള അധ്യാപകരുടെയും കടമയാണ്. അത് കൊണ്ടാണ് വലിയ സാഹിത്യ സൃഷ്ടികൾ പിറക്കാൻ സാധ്യതയില്ലെന്ന ബോധ്യമുള്ളപ്പോൾ തന്നെ ഇത്തരമൊരു സംരംഭത്തിന് മുതിരുന്നത്. പൂർണമാകാതെ പോകുന്ന പലതിനും ഭംഗിയുണ്ട്. വിടരാത്ത പൂവ് പോലെ....അമ്പിളിക്കല പോലെ... അത്തരമൊരു ഭംഗി കൂടി ദർശിക്കാൻ ഇത്തരം ഉദ്യമങ്ങൾക്ക് സാധിക്കും. പക്വതയില്ലാത്ത മനസുകളുടെ വിഹ്വലതയായി കരുതി കുട്ടികളുടെ ഭാഗത്ത് നിന്നും സംഭവിച്ച തെറ്റുകളെ ഉൾക്കൊള്ളുമെന്ന പ്രതീക്ഷയോടെ വായനാസ്വാദനത്തിനായി സമർപ്പിക്കുന്നു.

ലിറ്റിൽകൈറ്റ്സ്

**സി.എച്ച്.എസ്.എസ്. പോത്തുകൽ**

# സമാഗമം


## ആര്യനന്ദ




ബസ്സിൽനിന്നിറങ്ങി ചുറ്റുപാടും നോക്കിയപ്പോൾ ആണ് ആ ബോർഡ് ശ്രദ്ധയിൽപ്പെട്ടത്. ' റോയൽ റിസോർട്ട് '. ഒരുപാട് പരിഭ്രമത്തോടെയും സന്തോഷത്തോടെയും അവൾ ' റോയൽ റിസോർട്ട് ' ലക്ഷ്യമാക്കി നടന്നു. റിസോർട്ടിനുള്ളിലേക്ക് കടന്നപ്പോൾ ഒരു കുളിർക്കാറ്റ് അവളുടെ മുടിയിഴകളെ തഴുകി . പ്രൗഢ ഗംഭീരമായ കെട്ടിടം. പ്രകൃതി രമണീയത വിളിച്ചോതുന്ന ചുറ്റുപാട്. അവൾ മുന്നിലേക്ക് നടന്നു.

കെട്ടിടത്തിലേക്കുള്ള മുഖ്യ വാതിൽ കടന്നപ്പോൾ സെക്യൂരിറ്റി അടുത്തേക്ക് വന്നു.
"മാഡം, സഹായം എന്തെങ്കിലും വേണോ..?" അദ്ദഹം ചോദിച്ചു.

"ഇവിടെയല്ലേ ഒറ്റപാലം കോളേജിലെ 1993-94 ബാച്ചിന്റെ ഗെറ്റ് റ്റുഗേതർ വച്ചിരിക്കുന്നത് ...?" അവൾ ചോദിച്ചു. "അതെ, മാഡം മീറ്റപ്പിന് വന്നതാണല്ലേ.! വരൂ ഞാൻ വഴി കാണിച്ചു തരാം."അയാൾ മുമ്പിൽ നടന്ന വഴി കാണിച്ചു കൊടുത്തു.

"മാഡത്തിന്റെ പേര് എന്താ? "
"ഊർമിള" അവൾ തല ഉയർത്താതെ മറുപടി പറഞ്ഞു.
" ഊർമിളാ മാഡത്തിന് പഴയ സുഹൃത്തുക്കളെ കാണുന്നതിൽ ഭയങ്കര സന്തോഷമായിരിക്കും ?"
അയാൾ അവർ തമ്മിലുള്ള മഞ്ഞ് ഉരുക്കാൻ ശ്രമിച്ചു.

", സന്തോഷമുണ്ട്.."അവൾ എന്തോ ചിന്തിക്കുന്നതിനിടയിൽ പറഞ്ഞു.

അവർ മുന്നോട്ടു നടന്നു.

"മാഡം, അതാ, അവിടെ കാണുന്ന ഹട്ടിലാണ് നിങ്ങളുടെ മീറ്റിംഗ് റിസർവ് ചെയ്തിരിക്കുന്നത് "

"ഇവിടെ വരെ എത്തിച്ചു തന്നതിന് ഒരുപാട് നന്ദി .."അവൾ അയാളോട് യാത്ര പറഞ്ഞു മുന്നോട്ടു നടന്നു.

സുഹൃത്തുക്കൾ . അവളുടെ ഓർമ്മകൾ 30 വർഷം പിന്നിലേക്ക്പോയി.

വിശാലമായ കോളേജ് മൈതാനം. എല്ലാവരും അവരവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. മൈതാനത്തിന്റെ ഒരു ഭാഗത്തുള്ള ആൽമരച്ചുവട്ടിൽ രണ്ട് പെൺകുട്ടികൾ . ഊർമിളയും ഉമയും . ഉമ........ഉമയുടെ കാര്യം ഓർത്തപ്പോൾ ഊർമിളയുടെ നെഞ്ചൊന്നു പിടഞ്ഞു.

ഉമ. ഊർമിളയുടെ ഉറ്റ സുഹൃത്ത്.അവർക്ക് തമ്മിൽ അവരെക്കുറിച്ച് സ്വയം അറിയുന്നതിൽ കൂടുതൽ അറിയാം. ഊർമിളയും ഉമയും ഒരേ ക്ലാസ്സിൽ ആണ്. ഉമ പഠിക്കുന്ന കാര്യത്തിൽ കുറച്ചു പുറകിലാണ്. ഊർമിള അത്യാവശ്യം നന്നായി പഠിക്കും. ഉമയെ ഊർമിളയാണ് പഠിക്കാൻ സഹായിക്കുക. ഉമയുടെ അച്ഛൻ ഹിന്ദിക്കാരനും അമ്മ മലയാളിയും ആയിരുന്നു. അച്ഛന് ഉത്തരേന്ത്യയിലായിരുന്നു ജോലി. അമ്മയുടെ കൂടെ കേരളത്തിലാണ് ഉമ നിൽക്കുന്നത്. ദാരിദ്ര്യത്തിലാണ് ഉമയുടെ ജീവിതം. അവൾക്ക് പഠിക്കുന്നതിലുപരി പാട്ടിലായിരുന്നു താത്പര്യം. ഉമ നല്ല പാട്ടുകാരിയായിരുന്നു. ജന്മനാ ഉള്ള കഴിവാണ്. കോളേജിലെ പരിപാടികൾക്കെല്ലാം അവളെ പാടാൻ വിളിക്കുമായിരുന്നു. എല്ലാവർക്കും അവളുടെ പാട്ട് ഇഷ്ടവുമായിരുന്നു.
കോളേജിലെ അവസാന വർഷമായി. ഉമയും ഊർമിളയും അവർ സ്ഥിരമായി ഇരിക്കാറുള്ള ആൽമരത്തിന്റെ ചുവട്ടിൽ ഇരിക്കുന്ന സമയത്ത് , ഉമയുടെ അമ്മയും കോളേജിലെ പ്രിൻസിപ്പാലും കൂടി വന്നു. ഉമയുടെ അച്ഛന് സുഖമില്ലാതെയായി. അല്പ്പം സീരിയസ്സ് ആണ് . അതിനാൽ ഉമയുടെ അമ്മയ്ക്കും അവൾക്കും ഉത്തരേന്ത്യയിലേക്ക് പോകണം. ഉമയെ കൊണ്ടുപോകാനാണ് ഉമയുടെ അമ്മ വന്നിരുന്നത്. ഉമക്ക് പോകാൻ താത്പര്യമില്ലായിരുന്നെങ്കിലും അവളുടെ അച്ഛന് അവളെ ആവശ്യമുള്ളതിനാൽ അവൾ എല്ലാവരോടും യാത്ര പറഞ്ഞ് പോയി.
പിന്നീട് ഇതുവരെ ഊർമിള ഉമയെ കണ്ടിട്ടില്ല. അവൾക്ക് ഫോൺ ഇല്ലാത്തതിനാൽ അവളെ കണ്ടെത്താൻ യാതൊരു മാർഗ്ഗവുമില്ലായിരുന്നു.

ഊർമിള തന്റെ ചിന്തകളിൽ മുഴുകിയിരിക്കുകയായിരുന്നു.

"ഊർമിളേ!!"എവിടെനിന്നോ ആരോ വിളിച്ചു. ഊർ

മിള തൻറെ ചിന്തകളിൽ നിന്ന് ഉണർന്നു. ഊർമിള യുടെ നേരെ ഒരു സ്ത്രീ വരുന്നു. അവൾക്ക് അത് ആരാണെന്ന് മനസ്സിലാകുന്നില്ല.

"ഊർമിളയല്ലേ..?"ആ സ്ത്രീ ചോദിച്ചു.
" അതെ ....നിങ്ങൾ......?" അവൾ സംശയത്തോടെ ചോദിച്ചു

"ഇത് ഞാനാ നിന്റെ കൂടെ ക്ലാസ്സിൽ പഠിച്ചിരുന്ന ലത!"

ഊർമിളക്ക് പെട്ടെന്ന് ആളെ മനസ്സിലായി.

അവർ രണ്ടുപേരും കൂടി ഹട്ടിലേക്ക് പോയി.

ഹട്ടിലിന്റെ മുൻഭാഗം വലിയ ബാനർ കൊണ്ട് അലങ്കരിച്ചിരിക്കുന്നു.അതിൽ വലിയ അക്ഷരത്തിൽ 'നിള " എന്നും അതിൻറെ താഴെ ' 1993-94 ' എന്നും എഴുതിയിരിക്കുന്നു.ഹട്ടിന്റെ ഉൾഭാഗം ബലൂണുകൾ കൊണ്ടും റിബണുകൾ കൊണ്ടും മനോഹരമായ അലങ്കരിച്ചിരിക്കുന്നു.ഹട്ടിന്റെ ഒരു ഭാഗത്ത് ഭക്ഷണം സജ്ജീകരിച്ചിരിക്കുന്നു. ബാക്കിയുള്ളിടത്ത് ഇരിക്കാനുള്ള കസേരകൾ യിരിക്കുന്നു. ആകെ ബഹളം. ഒരുപാട് പേർ പരസ്പരം സംസാരിക്കുന്നു ഹസ്തദാനം നടത്തുന്നു. പരസ്പരം പുണരുന്നു. .ഹട്ടിനുള്ളിൽ എത്തിയപ്പോൾ ഊർമിള ഒരുപാട് മുഖങ്ങൾ കണ്ടു.താൻ എവിടെയോ കണ്ടു മറന്ന മുഖങ്ങൾ .എങ്കിലും ഊർമിള ഒരാൾക്ക് മാത്രം വേണ്ടി തിരഞ്ഞു. ആളുകളെ കൊണ്ട് നിറഞ്ഞ ആ വേദിയിൽ... അവൾ ആ മുഖത്തിന് വേണ്ടി തിരഞ്ഞു .30 വർഷമായിട്ടും താൻ മറക്കാത്ത ആ മുഖം .
ഉമ.
ഉമയെ അവിടെ ഒന്നും കാണാനില്ല ഉമ വരുമെന്ന് ഊർമിള പ്രതീക്ഷിച്ചു. അവൾ പ്രതീക്ഷയോടെ കാത്തിരുന്നു.

"അപ്പോ..എല്ലാവരും എത്തിയില്ലേ..?" സദസ്സിലെ ഒരാൾ ചോദിച്ചു.

"എല്ലാവരും എത്തിയില്ല.... ഒന്നു രണ്ടു പേർ കൂടി എത്താനുണ്ട്..." മറ്റൊരാൾ .

"നമുക്ക് തുടങ്ങാം അല്ലേ..!!"

എല്ലാവരും പരിപാടി തുടങ്ങാൻ തയ്യാറായി. എല്ലാവരും അവരവരുടെ ഇരിപ്പിടത്തിലിരുന്നു. തമ്മിൽ പരിചയപ്പെടുത്തി. ആ സദസ്സ് ഓർമ്മകളാൽ നിറഞ്ഞു ....

ഇതിനെല്ലാം ഇടയിലും ഊർമിള ഉമയെ തിരഞ്ഞു.

"അല്ല ഊർമിളേ...ഉമ എവിടെ..? അവൾ ഇന്ന് വന്നില്ലല്ലോ ..?!"പരിപാടിയുടെ കോഡിനേറ്റർ മനോജാണ് ചോദിച്ചത്.

"ഉമയെ പറ്റി ഒരു വിവരവുമില്ല.അവളെ ഞാൻ അവസാനമായി കണ്ടത് ആ ദിവസമാണ് ........"
ഊർമിള സങ്കടത്തോടെ പറഞ്ഞു. "അവൾ ഇവിടെ ഉണ്ടായിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത് ..."

"ഉമ ഉണ്ടായിരുന്നെങ്കിൽ അവൾ പാട്ടുപാടു മായിരുന്നു .." സദസ്സിലെ ഒരാൾ പറഞ്ഞു.

"അതെ, ഉമ നല്ല പാട്ടുകാരിയായിരുന്നു ...!"

"അവൾ അന്ന് ഫെസ്റ്റിന് പാടിയ പാട്ടില്ലേ........."

"കഭീ കഭീ മേരെ ദിൽ മേം..."എല്ലാവരും ഒറ്റ സ്വരത്തിൽ മൂളി.

........:
അങ്ങനെ അവിടെ വീണ്ടും ആഹ്ലാദഭരിതമായി. ഉമയുടെ ചിന്തകളിൽ നിന്നും എല്ലാവരും അകന്നു . ഊർമിളയും അവരുടെ കൂടെ കൂടി . സമയം കടന്നു പോയി ...

എല്ലാവരും ഭക്ഷണം കഴിച്ച് പിരിയാനൊരുങ്ങി..

"എന്നാൽ പിന്നെ നമുക്ക് പിരിയാം അല്ലേ..." മനോജ് ചോദിച്ചു.

" സെൽഫി മാത്രം പോരാ.. ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തിട്ട് പിരിയാം. നമ്മൾ 30 വർഷങ്ങൾക്ക് ശേഷം കാണുകയല്ലേ ...?!!" സദസ്സിലെ ഒരാൾ അഭിപ്രായപ്പെട്ടു.
എല്ലാവരും ആ അഭിപ്രായത്തോട് യോജിച്ചു എല്ലാവരും ഫോട്ടോയ്ക്കായി ഒരുങ്ങി.ഒന്നിച്ചു നിന്ന് പണ്ട് ഫോട്ടോയെടുത്തത് പോലെ തന്നെ എല്ലാവരും ഒന്നിച്ച് സന്തോഷത്തോടെ ഫോട്ടോ എടുത്തു.

"ഇനി നമുക്ക് പിരിയാം ... സമയം ഒരുപാട് ....ആയി ദൂരെ നിന്നും വന്നവർ ഒരുപാട് ഇല്ലേ ...." മനോജ് പറഞ്ഞു

എല്ലാവരും അംഗീകരിച്ചു. മനസ്സില്ലാ മനസ്സോടെ എല്ലാവരും അവരവരുടെ തിരക്കുകളിലേക്ക് പിന്തിരിഞ്ഞു നടന്നു.

തിരിച്ചു പോകുന്നതിനിടയിലും ഊർമിള ഉമയെക്കുറി

ച്ച് ഓർത്തു.അവരുടെ സന്തോഷ നിമിഷങ്ങൾ. അവൾ ഇന്നുവരും എന്ന് പ്രതീക്ഷയുണ്ടായിരുന്നു. എന്നിട്ടും അവൾ വന്നില്ല.
ഊർമിള പോകുന്ന വഴിയിൽ രാവിലെ കണ്ടിരുന്ന സെക്യൂരിറ്റിയെ കണ്ടു.അദ്ദേഹത്തോട് കുറച്ചുനേരം സംസാരിച്ച് യാത്ര പറഞ്ഞു തിരിച്ചു നടന്നു.
റോയൽ റിസോർട്ടിന്റെ മുഖ്യ വാതിൽ കടന്ന് അവൾ പുറത്തേക്ക് നടന്നു ..

"ഹോ ! അങ്ങനെ ആ ഗെറ്റുഗദർ കഴിഞ്ഞു ! "റോയൽ റിസോർട്ടിന്റെ ഉടമ ഒരു ദീർഘനിശ്വാസം എടുത്തു കൊണ്ട് പറഞ്ഞു.

"അതെ അവർ ഒരുപാട് മാസങ്ങളായി നമ്മുടെ പിന്നാലെ നടക്കുന്നു. എന്തായാലും അവർ സന്തോഷത്തോടെയാണ് പിരിഞ്ഞത് ..! എല്ലാവരും തൃപ്തരാണ്... !!!അയാളുടെ കൂടെയുള്ള റിസപ്ഷനിസ്റ്റ് പറഞ്ഞു.

"ജോലിക്കാരോട് ആ ഹട്ട് ക്ലീൻ ആക്കി ഇടാൻ പറ ! അടുത്ത പാർട്ടി രാത്രിയിൽ വരും ...! "റിസോർട്ട് ഉടമ ആജ്ഞാപിച്ചു.

റിസപ്ഷനിസ്റ്റ് ജോലിക്കാരുടെ അടുത്തേക്ക് ചെന്ന് ഒരു ജോലിക്കാരിയോട് ഹട്ട് വൃത്തിയാക്കാൻ പറഞ്ഞു.

ജോലിക്കാരി ക്ലീൻ ആക്കാനുള്ള വസ്തുക്കളുമായി ഹട്ടിലെത്തി.അവിടെ തൂക്കിയിട്ടിരുന്ന ബാനർ അവൾ കണ്ടു അവിടെയെല്ലാം അവൾ ഒന്ന് കണ്ണോടിച്ചു.അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകി.മൗനമായി അനങ്ങാതെ അവൾ നിന്നു .
കുറച്ചുനിമിഷങ്ങൾക്ക് ശേഷം അവൾ കണ്ണുനീർ തുടച്ച് ജോലി ആരംഭിച്ചു.
അടിച്ചുവാരുന്നതിനിടയിൽ അവൾ മൂളി ...

"കഭീ കഭീ മേരെ ദിൽ മേം...

# നഷ്ടസ്മൃതികൾ

**അനശ്വര പി ആർ**



ഗോവിന്ദൻ നായർ ആകെ ക്ഷീണിച്ചിരിന്നു . ഒരുപാട് നാളായി തുടങ്ങിയ അലച്ചിൽ ആണ്. വാർദ്ധക്യത്തിന്റെ വിവശതകളും മനോദുഃഖങ്ങളും അയാളുടെ ആരോഗ്യത്തെ ഊറ്റി എടുത്തിരിക്കുന്നു. ഒരു വെളുത്ത ഷർട്ടും മുണ്ടും ധരിച്ച അയാളുടെ മനസ്സിനെ കറുത്ത അനുഭവങ്ങൾ അലട്ടിക്കൊണ്ടിരുന്നു. നടന്നുകൊണ്ടിരിക്കെ അയാളുടെ കാലുകൾ തളർന്നു തുടങ്ങി. ഒരു ഇടതൂർന്ന വഴിയുടെ അന്ത്യത്തിൽ അയാൾ ഒരു നിശബ്ദമായ വീട് കണ്ടു. പഴയ ഒരു വീട്. ഉമ്മറത്ത് കിണ്ടിയിൽ വെള്ളം നിറച്ചു വെച്ചിരിക്കുന്നു. ഏതോ ഒരു കാരണവരുടെ ബാക്കിപത്രമാംവിധം ഒരു ചാരുകസേരയും കോളാമ്പിയും. ഗോവിന്ദൻ നായർ ചോദിച്ചു, " ഇവിടെ ആരുമില്ലേ?"അകത്തുനിന്നും ഒരു പതിഞ്ഞ സ്ത്രീ ശബ്ദത്തിൽ മറുപടി വന്നു, "ആരാണ്?"ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഒരു മധ്യവയസ്‌വിസ്സയിച്ചു. ആ ചൈതന്യമാർന്ന മുഖം കണ്ട് ചിന്തിതയായി." ഗോവിന്ദൻ.... ഗോവിന്ദൻ നായർ അല്ലേ?" ലളിത "എന്നെ മറന്നിട്ടില്ല അല്ലേ? " നിങ്ങളെ എനിക്ക് എങ്ങനെ മറക്കാൻ കഴിയും എന്ന ഒരു ദയാർദ്രമായ ചോദ്യം പോലെ ലളിതയുടെ മുഖം കാണപ്പെട്ടു. എന്തെന്നില്ലാത്ത സന്തോഷത്തിൽ അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി ആ അശ്രു കണങ്ങൾ നിലത്ത് വീഴും മുൻപേ അവർ അത് തടഞ്ഞു നിർത്തി. "കയറിയിരിക്കു" ഉമ്മറത്തേക്ക് ഗോവിന്ദൻ നായരെ അവർ ക്ഷണിച്ചു. ഒഴിഞ്ഞു കിടക്കുന്ന ചാരുകസേര കണ്ടിട്ട് എന്നപോലെ അയാൾ ചോദിച്ചു "ഗോപാലേട്ടൻ എവിടെ?" കണ്ണുനീർ വീണ്ടും പൊടിയാൻ തുടങ്ങിയപ്പോൾ അവർ പറഞ്ഞു മൂത്തവൾ വിനീതയോടൊപ്പമായിരുന്നു ഗോപാലേട്ടൻ. അവൾ ന്യൂയോർക്കിലാണ്. കഴിഞ്ഞവർഷം ഓണാഘോഷത്തിന് മക്കൾ എല്ലാവരും വന്നിരുന്നു. പെട്ടെന്ന് ആഘോഷത്തിന് ഇടയിൽ ഗോപാലേട്ടന് ഒരു നെഞ്ചുവേദന പോലെ വന്നു.ആശുപത്രിയിൽ കൊണ്ടുപോയി. ഡോക്ടർ പറഞ്ഞു വളരെ സീരിയസ് ആണ് എന്ന്.ചികിത്സ ബുദ്ധിമുട്ടാണ്.... "എന്നിട്ട്?" ഇടയ്ക്ക് വച്ച് മുറിഞ്ഞ ലളിതയുടെ സ്വരം വീണ്ടും കേൾക്കാൻ എന്നവണ്ണം അയാൾ ചോദിച്ചു" മക്കൾ എല്ലാവരും ചേർന്ന് ഗോപാലേട്ടനെ വിനീതയുടെ ഒപ്പം ന്യൂയോർക്കിലേക്കും എന്നെ ഇളയ മകൻ, വിനീത് അവന്റെയും ഭാര്യയുടെയും കൂടെ തിരുവനന്തപുരത്തേക്ക് അയക്കാനും തീരുമാനിച്ചു. കുറച്ച് ദിവസം ഞാൻ അവിടെ ആയിരുന്നു. ""പിന്നെ എന്താ ഇവിടേക്ക് പോകുന്നത്? "'എന്തോ എനിക്ക് ആ വീട്. പറ്റിയില്ല അവിടുത്തെ സാഹചര്യങ്ങളും. ഗോപാലേട്ടന്റെ വേർപാടും ആ ചുറ്റുപാടുകളും എന്നെ വല്ലാതെ ഒറ്റപ്പെടുത്തി. നഗര മധ്യത്തിൽ ഒരു വീട് ചുറ്റിലും നിശബ്ദം. മനുഷ്യൻ മനുഷ്യനെ അറിയാത്ത അവസ്ഥ.ആ ചുറ്റുവട്ടത്തുള്ള ഒരാൾക്കും തമ്മിൽ പരിചയമില്ല.രാവിലെ വിനീതും ഭാര്യയും ഓഫീസിൽ പോയി കഴിഞ്ഞാൽ പിന്നെ ഞാൻ ഒറ്റയ്ക്ക് രാത്രിയും ഇതേ സ്ഥിതി.വീട്ടിലെത്തിയാലും തിരക്ക്.എന്റെ ആരോഗ്യനില ആകെ തകിടം മറിഞ്ഞിരുന്നു. ഒരിക്കൽ ഈ ഒറ്റപ്പെട്ട അസ

ഹ്യമായ ഞാൻ ഒരു കത്ത് എഴുതിവെച്ച് ഇങ്ങോട്ട് വന്നു."" അപ്പോൾ മറ്റു മക്കളോ അവർ വിളിക്കാറി ല്ലേ? " വിളിച്ചു അന്നൊരിക്കൽ വിളിച്ചു.എന്റെ ഗോ പാലേട്ടന്റെ മരണവാർത്ത അറിയിക്കാൻ". വിതുമ്പി പോയ അവർ നേരിയതിന്റെ തുമ്പ് കൊണ്ട് കണ്ണു നീർ തുടച്ചു. ഈ വാർത്ത കേട്ട് വിസ്മരിച്ചു പോയ അയാൾ ലളിതയുടെ മുഖത്തേക്ക് നടുങ്ങിയ ഭാവ ത്തിൽ നോക്കിക്കൊണ്ട് പറഞ്ഞു. "ഞാൻ.... ഞാൻ അറിഞ്ഞിരുന്നില്ല". ഇടറിയ ശബ്ദം എങ്ങനെയോ പുറത്തുവന്നു. "എപ്പോഴായിരുന്നു?" "രണ്ടുമാസം മുന്നേ... മക്കൾ രണ്ടാഴ്ച ഇവിടെ ഉണ്ടായിരുന്നു പതി നാറും ചടങ്ങുകളും കഴിഞ്ഞ് അവരും പോയി."ഏതോ അഗാധമായ ചിന്തയിൽ നിന്നുണർന്നതുപോലെ ലളിത പെട്ടെന്ന് ആ മുഖം ശ്രദ്ധിച്ചു. ഒരു തളർച്ച പണ്ട് താനെന്നും കണ്ടിരുന്ന മുഖം അല്ലാതെ ആകെ ക്ഷീ ണിതനായിരിക്കുന്നു എങ്കിലും ആ മുഖത്തെ പ്രസന്ന തയറ്റു പോയിട്ടില്ല.അവർ പറഞ്ഞു," അകത്തേക്ക് വരൂ ചായ എടുക്കട്ടെ". ഇരുവരും അകത്തു കടന്നു. ലളിത അടുക്കളയിലേക്കും ഗോവിന്ദൻ നായർ വീട് കാണാനായി നടന്നു. പഴയ വീടിന്റെ ഓർമ്മകൾ ഒരു ഇളം കാറ്റായി അയാളെ തഴുകി. ആ ചുളിവാർ ന്ന മുഖത്ത് അതൊരു തഴുകലായി. പണ്ടത്തെ വലിയ പ്രമാണിയായിരുന്നു ഗോപാലന്റെ അച്ഛൻ,കൃഷ്ണൻ കുട്ടി നമ്പ്യാർ.അദ്ദേഹത്തിന്റെ കാര്യസ്ഥൻ ആയി രുന്നു ഗോവിന്ദന്റെ അച്ഛൻ. ഇരുവരും ഉറ്റ ചങ്ങാതിമാർ;മക്കളും. ബാല്യം കളിയും ചിരിയുമായി കടന്നുപോയി. രണ്ടു കുടുംബക്കാർക്കും പ്രിയരായി ഗോപാലനും ഗോവിന്ദനും മാറി. യൗവനകാലം ആരംഭിക്കുകയായി.ഇരുവരും പൗരുഷമാർന്ന രണ്ട് യുവാക്കളായി മാറി. അങ്ങനെയിരിക്കെ ഒരിക്കൽ രണ്ടുപേരും ക്ഷേത്രത്തിൽ ഉത്സവത്തിനായി പോയി .അന്ന് ഒരു മാത്രമയേ കണ്ടുള്ളൂ എങ്കിലും ലളിതയു ടെ മനോഹരമായ മുഖം ഗോപാലന്റെ മനസ്സിൽ നിന്നും മാഞ്ഞില്ല. ആ മിഴിവാർന്ത മുഖം ;നല്ല ഭംഗി യാർന്ന കാർകൂന്തലിൽ തുളസി കതിർ ചാർത്തി വട്ട പൊട്ടും ധരിച്ച് ചന്ദനക്കുറിയും തൊട്ട് സാരിയുടുത്ത് പുഞ്ചിരി വിടർത്തി കൊണ്ട് അവൾ നിന്നത് ഒരു വാ ങ്മയചിത്രം പോലെ ഗോപാലൻ തന്റെ പ്രിയ കൂട്ടു കാരന് പറഞ്ഞു കൊടുത്തു. ഒടുവിൽ കാര്യം കൃഷ്ണൻകുട്ടി നമ്പ്യാരുടെ കാതുകളിലും എത്തി. കാര്യസ്ഥനെ വി ട്ട് പെൺകുട്ടിയുടെ കുടുംബത്തെപ്പറ്റി അന്വേഷിച്ചു. കേട്ടിടത്തോളം നല്ല തറവാട്ടുകാർ. അവസാനം ആ വിവാഹം നടന്നു. ഗോപാലനൊരിക്കൽ ബോംബെ യിൽ ഒരു ജോലി ശരിയായി. ലളിതയും അവനും കൂടി ബോംബെയിലേക്ക് യാത്രയായി. പിന്നീട് അവിടെ ഒരു തിരക്കിട്ട ജീവിതമാണ് നയിച്ചത്. ഇടയ്ക്കിടെ ഗോ വിന്ദന്റെ കത്തുകൾ അവിടെ എത്തുമായിരുന്നു. തി രക്കൊഴിയുമ്പോൾ ഗോപാലനും മറുപടി കത്തുകൾ അയക്കുവാൻ മറക്കുമായിരുന്നില്ല. അവർ പരസ്പ രം സ്നേഹിക്കുകയും സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുക യും ചെയ്യുന്ന ഉറ്റ സുഹൃത്തുക്കളായിരുന്നു. ഇന്ന് ഈ വാർധക്യഘട്ടത്തിൽ തന്റെ ഉറ്റ സുഹൃത്തിനെ തേടി വന്നപ്പോൾ അവൻ എന്നെന്നേക്കുമായി തന്നെ പിരിഞ്ഞു പോയിരിക്കുന്നു. ആ സത്യം ഗോവിന്ദൻ നായർ ഉൾക്കൊണ്ടിരിക്കവേ ഒരു മൃദുവായ സ്വരം." ചായ കുടിക്കൂ". നല്ല കൈപ്പുണ്യമാണ് ലളിതയ്ക്ക്. നാ ട്ടിൽ വച്ച് ഒരിക്കൽ ഒരു വിശേഷ ദിവസം അവർ ഉണ്ടാക്കിയ വിഭവങ്ങൾക്ക് എന്ത് നല്ല രുചിയായിരു ന്നു.ചായ കുടിക്കുന്നതിനിടയിൽ അയാൾ ഓർത്തു. നെടുതായി ഒന്ന് നിശ്വസിച്ച് അയാൾ ചോദിച്ചു. " സഹായത്തിന് ആരുമില്ലേ? " "ഉണ്ട്. അടുത്ത വീട്ടി ലെ ഒരു കുട്ടി. അവൾ എന്നും വൈകിട്ട് എനിക്കൊ പ്പം വീട്ടിൽ ഉണ്ടാകും. രാവിലെ എല്ലാം ആക്കി വെച്ചിട്ട് ആ കുട്ടി പോകും." "വിശ്വസിക്കാവുന്നതാണോ?" ചാ യക്കപ്പ് മേശമേൽ വെച്ചുകൊണ്ട് അയാൾ ചോദിച്ചു. "പാവമാണ് നല്ല കുട്ടി എനിക്ക് ഒരു കൈ സഹായ ത്തിന് അവളെ ഉള്ളൂ". "ഇത്രയും കാലം ഗോവിന്ദൻ എവിടെയായിരുന്നു ഇടയ്ക്ക് കത്ത് നിന്നിരുന്നുവ ല്ലോ... " "ഹാ... എനിക്കും ഒരു ജോലി ശരിയായിരുന്ന ല്ലോ.. ഒരിക്കൽ എന്റെ ഒരു സത്യസന്ധമായ പ്രവർത്തനം മൂലം എന്നെ ജോലിയിൽ നിന്ന് പിരി ച്ചു വിട്ടു. ഒരു കള്ളക്കണക്കിന് ചൂണ്ടിക്കാട്ടിയതിനാൽ. പിന്നീട് ഒരുപാട് മറ്റ് ചില്ലറ പണികൾ ഒക്കെ എടു ത്ത് ജീവിച്ചു പോയി ഭാര്യയും പ്രാരാബ്ധങ്ങളും ഒന്നു മില്ലാഞ്ഞത് ഭാഗ്യമായി.പട്ടിണി കിടക്കേണ്ടി വന്നിട്ടുണ്ട്." ലളിതാ മുഖത്തേക്ക് നിർമ്മികാര ഭാവ ത്തോടെ നോക്കി കൊണ്ട് ചോദിച്ചു, "ഇങ്ങോട്ടേക്കാ യി വന്നതായിരുന്നോ?

അതോ......."

പൂർത്തിയാക്കും മുൻപേ അയാൾ മറുപടി നൽകി. "ഗോപാലേട്ടനെ കാണാനായി തന്നെ വന്നതാണ്. ഒരുപാട് നാളായുള്ള അന്വേഷണമാണ്. ഇന്നാണ് ഇവിടെ എത്തിപ്പെട്ടത്."ഇനി എവിടേക്കാണ് യാ ത്ര?" ചായക്കപ്പ് കഴുകി വയ്ക്കുന്നതിനിടയിൽ ലളിത ചോദിച്ചു. "അറിയില്ല ലക്ഷ്യമില്ലാത്ത യാത്ര തീർത്ഥാ ടന കേന്ദ്രങ്ങൾ സന്ദർശിക്കണം എന്ന് മനസ്സ് പറ യുന്നു. ഞാൻ ഇറങ്ങുന്നു,വൈകും മുൻപേ റെയിൽവേ സ്റ്റേഷനിൽ എത്തണം." ദീർഘമായ ഒരു മൗനത്തി നുശേഷം ഇരുവരും ഉമ്മറത്തേക്ക് നടന്നു തുടങ്ങി. പടികൾ ഇറങ്ങി അയാൾ ദൂരേക്ക് മറഞ്ഞപ്പോൾ ഒരു കൂട്ടം ഓർമ്മകളുടെ ഒരു ഭാണ്ഡകെട്ട് തന്റെ മുൻപിൽ തുറന്നു വച്ചത് പോലെ ഇരുവർക്കും അനു ഭവപ്പെട്ടു.



## കവിത



നിയ ചന്ദ്രൻ



അർപ്പിത പി.വി

# സ്വത്വം

**നിയ ചന്ദ്രൻ**

ഓർമ്മകളെ അവയുടെ മുഴുവൻ
തനിമയോടെ ഉപ്പിലിട്ടു സൂക്ഷിക്കാൻ
കഴിയുകയെന്നതുതന്നെ ഒരു
ഭാഗ്യമായി കരുതാം
നിർഭാഗ്യവും ഗൃഹാതുരത്തമെന്ന
വിസ്മയ ലോകവും മാഞ്ഞു
കാലം കഴിഞ്ഞപ്പോൾ നിഷ്കളങ്കതയുടെ സ്ഥാനത്ത്
പാരുഷ്യത്തിന്റെ പാറക്കെട്ടുകൾ
വളർന്നതറിഞ്ഞില്ല
കുറച്ചു ബന്ധങ്ങൾ സൗഹൃദങ്ങൾ
ഇതാണെന്റെ ആസ്തി
എവിടെയെങ്കിലും സ്നേഹിക്കാനൊരാളുണ്ടാവു
കയെന്നത്
സന്തോഷം...

# സ്വപ്നത്തിലെ കൊലുസ്

**അർപ്പിത പി.വി**

തണുത്തൊരീ രാവിൽ തെക്കൻ
കാറ്റു വീശവേ.....
കറുത്തൊരാ നഭസ്സിലേ ദീപ്തമാം
ചന്ദ്രവലയത്തിൽ പ്രഭയിൽ
അനന്തമാം ശൂന്യതയിൽ
പൂർണ്ണത തോന്നവേ....
പ്രകൃതിയാമവളുടെ കൊലുസ്സിൻ കിലുക്കം കേൾക്കവേ
കാതിലിമ്പമായ് തുടർന്നൊരീണം.
എന്നുമെന്നും ഓർത്തിടാനെന്ത് മോഹം
ആ നാദ വീചികൾ
ഹൃദയ വീണയിൽ
ചേർത്ത് വെക്കാൻ
ഇനിയുമൊരുനാൾ
അടർന്ന് വീഴാത്ത
സ്വപ്നമായ് മാറുവാൻ





ഹിബ ഫാത്തിമ

# കണ്ണുനീർത്തുള്ളി

## ഹിബ ഫാത്തിമ

അന്നും ഉമ്മാന്റെ തട്ടിവിളി കേട്ടാണ് ഞാൻ ഉണർന്നത്. ഉമ്മാന്റെ ശബ്ദത്തിന്റെ ഇടർച്ചകേട്ട് പതിവിന് വിപരീതമായി ഞാൻ ചാടി എഴുന്നേറ്റു. അവരുടെ കലങ്ങിയ കണ്ണും ചുവന്നുതുടുത്ത കവിളിടങ്ങളും ഇടറിയ ശബ്ദവും എന്റെ ഹൃദയമിടിപ്പ് കൂട്ടി. പലതവണ ചോദിച്ചെങ്കിലും ഒന്നും പറയാൻ കൂട്ടാക്കാതെ പ്രഭാത ഭക്ഷണം ഉണ്ടാക്കുന്ന തിരക്കിലേക്കവർ വഴുതി മാറി.

പ്രഭാത കർമങ്ങൾ കഴിഞ്ഞ് പലതവണ കാര്യമന്വേഷിച്ച എനിക്കും കുഞ്ഞനുജനും മൗനമാണ് ഫലമുണ്ടായത്. അന്നൊരു മഴക്കാലദിവസമായിരുന്നു. മുറ്റത്തെ കിളിചുണ്ടൻ മാവിൽ നിന്നും പെയ്തിറങ്ങുന്ന മഴത്തുള്ളികൾ കരളിന് കുളിരായിരുന്നെങ്കിലും അമ്മയുടെ കണ്ണുനീർ ചൂളയിലെ ' ചൂട് പോലെ എന്റെ ഹൃദയം പൊള്ളിച്ചു.

ഞാനും കുഞ്ഞനുജനും ഇന്നലെ ചിങ്കിളിയുമായി കളിച്ചു കഴിഞ്ഞ് എന്റെ ചുണ്ടിൽ ഒരു മുത്തം തന്ന് അവളെ ഞാൻ കൂട്ടിലടച്ചു.

. കളിപ്പാട്ടങ്ങൾ ഉമ്മറപ്പടിയിൽ ചിതറിക്കിടക്കുന്നത് ഒതുക്കികൊണ്ടിരിക്കുന്ന ഉമ്മയുടെ കണ്ണുകൾ കണ്ണുനീർ കൊണ്ട് പുറത്തേക്ക് നോക്കി എന്തോ തിരയുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു.

അതൊന്നും കാര്യമാക്കാതെ ഞാൻ അടുക്കളയിലെ പച്ചക്കറി കൊട്ടയിൽ നിന്നും നല്ലപോലെ പഴുത്ത തക്കാളിയുമെടുത്ത് ചിങ്കിളിയുടെ കൂടിനടുത്ത് വന്നപ്പോഴാണ് എനിക്ക് ഉമ്മ കരയുന്നതിന്റെ കാര്യം മനസ്സിലായത്. ഞാൻ നോക്കുമ്പോൾ കൂട് ശൂന്യം വെറും രക്തം പുരണ്ട കൂടും അതിലെ ഭക്ഷണ പാത്രവും മാത്രം.



അഫ്ര മിസ്ബ

# പിതാവിന്റെ രോദനം

## അഫ്ര മിസ്ബ

കൊട്ടാരപറമ്പിലെ കർഷകനായിരുന്ന സാനി. ആ നാട്ടിലുള്ള മറ്റു കർഷകരിൽ നിന്നും വ്യത്യസ്തനായിരുന്നു. രാവും പകലും നോക്കാതെ കഠിനാധ്വാനം ചെയ്തിട്ടും എല്ലുമുറിയെ പണിയെടുത്തിട്ടും വളരെയധികം തുച്ഛമായ കൂലി ആയിരുന്നു ലഭിച്ചിരുന്നത്. തന്റെ ജീവിതത്തിൽ ചെറുപ്പക്കാലം തൊട്ടേ ദുഃഖങ്ങളും ദാരിദ്ര്യവുമാത്രമായിരുന്നു അയാൾ അനുഭവിച്ചിരുന്നത്. സാനിക്കും സാനിയുടെ ഭാര്യ റോസമ്മയ്ക്കും പന്ത്രണ്ട് വർഷത്തിന് ശേഷമാണ് കുട്ടി ഉണ്ടാവുന്നത്. ദാരിദ്ര്യവും ദുഃഖങ്ങളും മാത്രം നിറഞ്ഞിരുന്ന അവരുടെ ജീവിതത്തിൽ അന്നവന്നതോടെയാണ് അവരുടെ ജീവിതം പുഞ്ചിരിയിലൂടെ കടന്ന് പോകുന്നത്.

അങ്ങനെ വർഷങ്ങൾ കടന്നുപോയി. കർഷകനായിരുന്ന സാനി സ്വന്തമായി നെല്ല് കൃഷി ചെയ്യാൻ തുടങ്ങി. അന്നയ്ക്ക് ഏഴ് വയസ്സായി. തന്റെ മകൾ അന്നയുടെ വരവിന് ശേഷമാണ് തനിക്ക് ഈ കൃഷി സ്ഥലങ്ങൾ വാങ്ങാൻ കഴിഞ്ഞതെന്ന് സാനി ഉറച്ച് വിശ്വസിച്ചിരുന്നു. പക്ഷെ ആ സന്തോഷം വളരെ കാലമൊന്നും നീണ്ടിരുന്നില്ല. ഒരു ദിവസം അന്ന രക്തം ചർദിക്കുകയും, തളർന്ന് വീഴുകയും ചെയ്തു.. ഉടൻ തന്നെ ആശുപത്രിയിലേക്ക് കൊണ്ട് പോയപ്പോഴാണ് അവർ ആ സത്യം അറിയുന്നത് അവൾ ക്യാൻസറിന്റെ മധ്യഘട്ടത്തിലാണെന്ന്. പക്ഷെ ഈ സത്യം സാനി റോസമ്മയേ

കടന്നുപോയി, റോന

രോഗത്തിന്റെ ഗുരുതരാവസ്ഥ ഉയരാൻ തുടങ്ങി. അവരുടെ ജീവിതം പിന്നെയും താഴാൻ തുടങ്ങി. സാനിക്ക് തന്റെ മകളുടെ പേരിൽ വാങ്ങിയ ഏക കൃഷിഭൂമിയും വിൽക്കേണ്ട ആവശ്യക്കാരനായി. അങ്ങനെ കൈയിലുള്ളതെല്ലാം വിറ്റും കടം വാങ്ങിയും പൈസ തികയാതെ തന്റെ പൊന്നുമോളെ എങ്ങനെ രക്ഷിക്കണം എന്നറിയാതെ അയാൾ അലഞ്ഞു. ഏകാന്തതയോടെ നിമിഷങ്ങളിലാണ് അയാൾ കഴിഞ്ഞിരുന്നത്. സഹായിക്കാൻ പോലും ആരും ഉണ്ടായിരുന്നില്ല. അപ്പോഴാണ് ചീഫ് ഡോക്ടറിന്റെ വരവ്. അവർ നിസ്സഹായതയോടെ മൊഴിഞ്ഞു. അന്ന ജീവിതത്തിന്റെ അവസാന ഘട്ടത്തിലേക്കാണ് നീങ്ങുന്നതെന്ന്. ഐ. സി. യുവിന്റെ മുമ്പിൽ വെപ്രാളപ്പെട്ട സാനിക്ക് ആ നിശബ്ദത പോലും തന്റെ കഴുത്തിൽ മുറുകെപിടിക്കുന്നത് പോലെ തോന്നി. തന്റെ ജീവിതത്തിന്റെ ഒരു ഭാഗം തന്നെ വിട്ട് പോകുന്നത് പോലെ അയാൾക്ക് അനുഭവപ്പെട്ടു. അന്നയ്ക്ക് ഏറെ കാലമായുള്ള സ്വപ്നമായിരുന്നു മഞ്ഞുമൂടിയ സ്ഥലങ്ങളിലേക്ക് പോകണം എന്നത്. അതിന് ഇതുവരെ സാനിക്ക് സാധിച്ചിരുന്നില്ല. അങ്ങനെ അവസാനം താൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയ വീടും പുരയിടവും പണയത്തിലാക്കി തന്റെ ഏക മോൾ അന്നയുടെ സന്തോഷത്തിന് വേണ്ടി അയാൾ ഒരു യാത്രക്ക് ഒരുങ്ങി. ദുഃഖങ്ങൾ മാത്രം അനുഭവിച്ച തന്റെ ജീവിതം അന്നയുടെ വരവിന് ശേഷമാണ് പ്രകാശിക്കുന്നത്. പക്ഷെ വീണ്ടും ആ പ്രകാശങ്ങളൊക്കെ ചോർന്ന് ഇരുട്ടിലേക്ക് പോകുന്നത് പോലെ അയാൾക്ക് അനുഭവപ്പെട്ടു. അങ്ങനെ പണയം വെച്ച് കിട്ടിയ പണവും കൊണ്ടുവരുമ്പോഴാണ് റോസമ്മയുടെ ഫോൺ വിളി അവൾ അലറിക്കൊണ്ട്: പറഞ്ഞു 'നമ്മുടെ മോൾ നമ്മളെ വിട്ട് പോയി 'എന്ന്. സാനിയുടെയും റോസമ്മയുടെയും ഏറ്റവും വലിയ സ്വപ്നമാണ് അവർക്ക് നഷ്ടപ്പെട്ടത്. അടുത്ത ദിവസം അന്നയുടെ അവസാന കർമങ്ങളെല്ലാം കഴിഞ്ഞു. വീടും, കൃഷിഭൂമിയും താൻ ലാളിച്ച് വളർത്തിയ അന്നയും നഷ്ടപ്പെട്ട് പിന്നെയും ദാരിദ്ര്യനാവുകയാണ് ആ പാവം പിതാവ്.